## സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ
(ഹാജർ: ഷീബ ജോർജ്ജ് ഐ.എ.എസ് )

ഉത്തരവ് നം.SJD/2457/2020-E1

തിരുവനന്തപുരം,
തീയതി. 07/09/2020

വിഷയം: സാമൂഹ്യനീതി വകുപ്പ്-ജീവനക്കാര്യം-ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാരന് റേഷ്യോ പ്രൊമോഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം : 1.ജി.ഒ.പി നം.07/2016/ഫിൻ തീയതി.20/01/2016
2.സാ.ഉ.(സാധാ) നം.194/2020/സാ.നീ.വ തീയതി.12/5/2020
3.ഈ കാര്യാലയത്തിൽ നിന്നുമുള്ള 27/4/2020 ലെ SJD/787/2020-E9 നം നടപടിക്രമങ്ങൾ

പത്താം ശമ്പള പരിഷ്കരണ ഉത്തരവിലെ അനക്സർ -16 ൽ ജൂനിയർ സൂപ്രണ്ട് തസ്തികയുടെ 1/3 ഭാഗം ജീവനക്കാർക്ക് 35700-75600 രൂപ ശമ്പള സ്കെയിലിൽ റേഷ്യോ പ്രൊമോഷനിലൂടെ ഹയർഗ്രേഡ് അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട് . സാമൂഹ്യനീതി വകുപ്പിൽ വകുപ്പ് വിഭജനത്തെ തുടർന്ന് ആകെ 20 ജൂനിയർ സൂപ്രണ്ട് തസ്തികകളാണ് നിലവിലുള്ളത്. ടി തസ്തികകളുടെ 1/3 ഭാഗമായ 6 തസ്തികകളിലെ ജീവനക്കാർക്ക് ഹയർഗ്രേഡിന് അർഹതയുണ്ട്. നിലവിൽ ജൂനിയർ സൂപ്രണ്ട് ഹയർഗ്രേഡ് തസ്തികയിൽ 5 പേർ സേവനമനുഷ്ഠിച്ച് വരുന്നു. പരാമർശം (2) പ്രകാരം ജൂനിയർ സൂപ്രണ്ട് ഹയർ ഗ്രേഡ് തസ്തികയിൽ സേവനമനുഷ്ഠിച്ച് വന്നിരുന്ന ശ്രീ.സുനിൽ കുമാർ.കെ യ്ക്ക് സീനിയർ സൂപ്രണ്ടായി പരാമർശം (2) പ്രകാരം ഉദ്യോഗക്കയറ്റം അനുവദിച്ചതിനെ തുടർന്നാണ് ജൂനിയർ സൂപ്രണ്ട് ഹയർ ഗ്രേഡ് തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നത്. ടി ഒഴിവിലേയ്ക്ക് പരാമർശം (3) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നം.8 ശ്രീ.ദീപു.എം.എൻ ന് റേഷ്യോ ഹയർഗ്രേഡ് ലഭിക്കുന്നതിന് അർഹതയുണ്ട്.

ഈ സാഹചര്യത്തിൽ റേഷ്യോ പ്രൊമോഷന് അർഹത നേടിയ ചുവടെ പറയുന്ന ജീവനക്കാരന്റെ പേരിന് നേരെ ചേർത്തിട്ടുള്ള തീയതി പ്രാബല്യത്തിൽ 35700-75600 രൂപ ശമ്പള സ്കെയിലിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ കെ.എസ്.ആർ ചട്ടം 28 എ യ്ക്ക് വിധേയമായി റീ-ഫിക്സേഷൻ ആനുകൂല്യത്തോടെ ഹയർഗ്രേഡ് അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം | പേര് തസ്തിക നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം | സീനിയോറിറ്റി നം | റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്ന തസ്തികയും ശമ്പള സ്കെയിലും | റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്ന തീയതി |
|---|---|---|---|---|
| 1 | ദീപു.എം.എൻ<br>ജൂനിയർ സൂപ്രണ്ട്<br>ജില്ല സാമൂഹ്യനീതി ഓഫീസ് ഇടുക്കി | 8 | ജൂനിയർ സൂപ്രണ്ട്(HG)<br>(Rs.35700-75600) | 12/5/2020 |

ടി ജീവനക്കാരന് ചട്ട പ്രകാരം ശമ്പള നിർണ്ണയം നടത്തി കുടിശ്ശിക സാമ്പത്തികാനുകൂല്യങ്ങൾ ഉൾപ്പെടെ മാറി നൽകുന്നതിനും ബന്ധപ്പെട്ട കാര്യാലയ മേധാവിക്ക് അനുമതി നൽകി ഉത്തരവാകുന്നു. റേഷ്യോ ഹയർഗ്രേഡ് അനുവദിച്ചത് സംബന്ധമായ രേഖപ്പെടുത്തൽ ബന്ധപ്പെട്ട കാര്യാലയ മേധാവി ജീവനക്കാരന്റെ സേവനപുസ്തകത്തിൽ വരുത്തേണ്ടതാണ്.

(ഒപ്പ്)
സാമൂഹ്യനീതി ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാരന്

<u>പകർപ്പ് :</u>

1. ജില്ല സാമൂഹ്യനീതി ഓഫീസർ ,ഇടുക്കി
2. ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക്
3. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്